## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3361 — 20.06.2018-ൽ മറുപടിയ്ക്ക്

### ജീവനക്കാർക്കെതിരെയുള്ള നടപടി

**ചോദ്യം**

ശ്രീ. ഒ. രാജഗോപാൽ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിമാരെയും ഫെയ്സ് ബുക്കിലൂടെ അപമാനിച്ചതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പരാതി എന്നാണ് ലഭിച്ചത്; | (എ) | സംസ്ഥാന പ്രോട്ടോക്കോൾ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻ വ്യക്തിപരമായി 'ഫേയ്സ് ബുക്കിൽ' ഷെയർ ചെയ്ത ചില 'പോസ്റ്റുകൾ' സംബന്ധിച്ച ഒരു പരാതി ലഭിച്ചിട്ടുണ്ട്. 24.03.2018 നാണ് പരാതി ലഭിച്ചത്. |
| (ബി) | ഈ പരാതിയിന്മേൽ സർക്കാർ നാളിതുവരെയായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | കേന്ദ്രസർക്കാരിനെയും പ്രധാനമന്ത്രിയെയും മറ്റ് കേന്ദ്രമന്ത്രിമാരെയും നവമാദ്ധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തുന്ന എത്ര സർക്കാർ ജീവനക്കാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ; | (സി) & (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | മുഖ്യമന്ത്രിയെ നവമാദ്ധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തി എന്നാരോപിച്ച് എത്ര സർക്കാർ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ